"ഭരണഭാഷ- മാതൃഭാഷ"

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : സുഭാഷ് ടി വി ഐ.എ.എസ്)**

---

പ്രൊസീഡിംഗ്സ് നമ്പർ.A1/121/2022-IandPRD തീയതി, തിരുവനന്തപുരം (25-06-2024)

---

വിഷയം:- ഐ&പി.ആർ.ഡി. - ജീവനക്കാര്യം - വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികകളിലെ ജോലിവിഭജനം പുന:ക്രമീകരിച്ച് - ഉത്തരവാകുന്നു.

സൂചന: - 30.11.2022-ലെ സ.ഉ(കൈ)നം.231/2022/GAD നമ്പർ ഉത്തരവ്

**ഉത്തരവ്**

സൂചന 1 ഉത്തരവ് പ്രകാരം വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികകളിലെ ജോലി വിഭജനം ക്രമീകരിച്ച് ഉത്തരവായിരുന്നു. നിലവിൽ വകുപ്പിന്റെ ഭരണ സൗകര്യാർത്ഥം ചുവടെ പ്രതിപാദിക്കും വിധം ആയത് പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. അഡീഷണൽ ഡയറക്ടർ (ജനറൽ അഡ്മിനിസ്ട്രേഷൻ)**

വകുപ്പിന്റെ പൊതുവായ ഭരണകാര്യങ്ങൾ, ആസൂത്രണവും വികസനവും സംബന്ധിച്ച കാര്യങ്ങൾ, പ്ലാൻ പുരോഗതി റിവ്യൂ കമ്മിറ്റിയുടെ കൺവീനർ, പദ്ധതി തുകയുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഏകോപനം, വാർഷിക പഞ്ചവത്സര പദ്ധതികൾ, ബജറ്റ് നിർദ്ദേശങ്ങൾ തുടങ്ങിയവയ്ക്കാവശ്യമായ യോഗങ്ങളുടെ ഏകോപനം, മാധ്യമ അവാർഡ്, ജില്ലാതല ഓഫീസ് പ്രവർത്തനങ്ങളുടെ പ്രതിമാസ അവലോകനം, ഡയറക്ടറേറ്റിലും മേഖലാതലത്തിലും ത്രൈമാസ യോഗങ്ങൾ നടത്തി ഡയറക്ടർക്കും, സെക്രട്ടറിയ്ക്കും റിപ്പോർട്ട് നൽകൽ, പ്ലാനിംഗ് & ഡെവലപ്മെന്റ് പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല, പ്രസ് റിലീസ് വിഭാഗങ്ങളുടെ ചുമതല, പരസ്യ വിഭാഗത്തിന്റെ (പ്രിന്റ്) ഭരണപരമായ കാര്യങ്ങൾ, പബ്ലിക്കേഷൻ വിഭാഗത്തിന്റെ ചുമതല, വകുപ്പിന്റെ ഫീൽഡ് പബ്ലിസിറ്റി, ഔട്ട്ഡോർ പബ്ലിസിറ്റി, എക്സിബിഷനുകൾ, ന്യൂഡൽഹി ഐ.ഐ.ടി.എഫ് എന്നിവയുടെ ചുമതല.

ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻ), ഡെപ്യൂട്ടി ഡയറക്ടർ (അഡ്വർടൈസ്മെന്റ് ആന്റ് മാർക്കറ്റിംഗ്), ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് പബ്ലിസിറ്റി) എന്നിവരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല.

**2. അഡീഷണൽ ഡയറക്ടർ (ഇലക്ട്രോണിക് മീഡിയ ഡിവിഷൻ)**

വകുപ്പിന്റെ ഓഡിയോ വീഡിയോ കമ്യൂണിക്കേഷൻസ്, വെബ് ആന്റ് ന്യൂ മീഡിയ വിഭാഗങ്ങളുടെ പൊതുവായ ചുമതല, പ്രസ്തുത വിഭാഗങ്ങളുടെ ദൈനംദിന ഭരണകാര്യങ്ങളുടെ ചുമതല, ടെലിവിഷൻ, റേഡിയോ പ്രോഗ്രാമുകളുടെ മേൽനോട്ടം, ഇൻഹൗസ്, ഔട്ട് സോഴ്സ് വീഡിയോ ഓഡിയോ പരിപാടികൾ, ഡോക്യുമെന്ററികൾ, സ്പോൺസേഡ് പ്രോഗ്രാമുകൾ

എന്നിവയുടെ കോസ്റ്റ് കമ്മിറ്റി കൺവീനർ, ഇലക്ട്രോണിക് മീഡിയ പരസ്യങ്ങളുടെ നിർമ്മാണ മേൽനോട്ടം, വകുപ്പിന്റെ വീഡിയോ ന്യൂസ് ക്ലിപ്പിംഗ് സംവിധാനം, ഫോട്ടോഗ്രഫി, സ്റ്റുട്ടിനി, പരസ്യ വിഭാഗത്തിന്റെ (വിഷ്വൽ, ഓഡിയോ, ഓൺലൈൻ) മാർക്കറ്റിംഗ് ഭരണപരമായ കാര്യങ്ങൾ, സിഡിറ്റ് ഐടി മിഷൻ തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങളുമായുള്ള ലെയ്സൺ പ്രവർത്തനങ്ങളുടെ മേൽനോട്ടം, ഐ ടി വിഭാഗം, പ്രിസം പദ്ധതികളുടെ ഏകോപനം,

ഡെപ്യൂട്ടി ഡയറക്ടർ (മീഡിയ റിലേഷൻസ്), ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്മ്യൂണിക്കേഷൻ), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല.

<u>3. അഡീഷണൽ ഡയറക്ടർ (പ്രോഗ്രാംസ് ആന്റ് കൾച്ചർ)</u>

പത്രപ്രവർത്തക പത്രപ്രവർത്തകേതര പെൻഷൻ വിഭാഗത്തിന്റെയും സോഷ്യൽ മീഡിയയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളുടെയും പൂർണ്ണ ചുമതല, ഇന്റർസ്റ്റേറ്റ് പബ്ലിക് റിലേഷൻസ്, ഐ.ഇ.സി, കോ-ഓർഡിനേറ്റഡ് പ്രോഗ്രാമുകൾ എന്നിവയുടെ മേൽനോട്ടം, വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നാടകോത്സവം/സംഗീതോത്സവം/നൃത്തോത്സവം തുടങ്ങിയ സാംസ്കാരിക പരിപാടികളുടെ മേൽ നോട്ടം,റിപ്പബ്ലിക് ദിന പരേഡുമയി ബന്ധപ്പെട്ട പ്രവർത്തനം, ടാഗോർ തിയേറ്ററിന്റെ ഭരണപരമായ മേൽനോട്ടം, വിവിധ വകുപ്പുകൾ സംഘടിപ്പിക്കുന്ന പ്രചാരണ സാംസ്കാരിക പരിപാടികളുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ലെയ്സൺ ചുമതല, റീജിണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ നടക്കുന്ന ജില്ലാതല ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ മേൽനോട്ടവും, അവലോകനവും, വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ മറ്റു വകുപ്പുകളിൽ നിന്നും വകുപ്പ് മന്ത്രിമാരുടെ ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള മേൽനോട്ടം, റിസർച്ച് ആന്റ് റഫറൻസ് വിഭാഗത്തിന്റെ ഭരണപരമായ കാര്യങ്ങൾ, പിആർഡി ഓഫീസുകളുടെ ആധുനികവത്കരണം, ഇൻഫർമേഷൻ സെന്ററുകളുടെ ഏകോപനം എന്നിവയുടെ മേൽനോട്ടം, വാർ റൂം, ഫാക്ട് ചെക്ക് ഡിവിഷൻ എന്നിവയുടെ മേൽനോട്ടം, കേരള മീഡിയ അക്കാദമിയുടെ പൂർണ്ണ ചുമതല.

ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ വിഭാഗം), ഡെപ്യൂട്ടിഡയറക്ടർ (സോഷ്യൽമീഡിയ), എന്നിവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
അഡീഷണൽ ഡയറക്ടർ (ജനറൽ/ഇ.എം.ഡി/പ്രോഗ്രാംസ് & കൾച്ചർ)
വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
വകുപ്പിലെ ഇൻഫർമേഷൻ ഓഫീസർമാർക്ക്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി/സി/ഡി/ഇ/എഫ്/ജി/എച്ച്/ഒ.എസ്) വകുപ്പുകൾക്ക്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 28-06-2024 16:53:09

സെക്ഷൻ ഓഫീസർ.